വയനാട് പ്രകൃതി സംരക്ഷണ സമിതി

എടക്കൽ ഗുഹാസംരക്ഷണ സമരത്തിന് 30 വർഷം

# എടക്കൽ പൈതൃകം സംരക്ഷണ ചരിത്രം

2017 ജനുവരി 7,8, തീയതികളിൽ
അമ്പലവയൽ ഹോട്ടൽ മൗണ്ട് അവന്യൂവിൽ

ചരിത്ര സെമിനാർ | സംരക്ഷണ പ്രക്ഷോഭങ്ങളിൽ പങ്കെടുത്തവരുടെ ഒത്തുചേരൽ | ഡോക്യുമെന്ററി പ്രദർശനം

അമ്പലവയൽ
21-12-2016

സുഹൃത്തേ,

സാമൂഹ്യവിരുദ്ധരുടെ വിഹാരകേന്ദ്രമായിരുന്ന, അമൂല്യചരിത്രസമ്പത്തായ എടക്കൽ ഗുഹ അനിയന്ത്രിതമായ കരിങ്കൽ ക്വാറികളുടെ ബാഹുല്യം മൂലം സർവ്വനാശത്തിലേക്ക് കൂപ്പുകുത്തിക്കൊണ്ടിരിക്കുകയായിരുന്നു. മഹത്തായ ഈ ചരിത്രസ്മാരകത്തെ സംരക്ഷിക്കാൻ വയനാട് പ്രകൃതിസംരക്ഷണസമിതിയുടെ നേതൃത്വത്തിൽ രൂപീകൃതമായ എടക്കൽ ഗുഹാസംരക്ഷണസമിതി കേരളത്തിലെ പ്രമുഖചരിത്രകാരന്മാരുടേയും സാംസ്കാരികപ്രവർത്തകരുടേയും പിന്തുണയോടെ നടത്തിയ സമരപ്രക്ഷോഭങ്ങൾക്ക് മുപ്പത് വർഷം തികയുകയാണ്.

എതിർപ്പുകളും ഭീഷണികളും അതിജീവിച്ച് സംരക്ഷിച്ചെടുത്ത എടക്കൽ ഗുഹയെ പിന്നീട് അതേറ്റെടുത്ത വയനാട് ടൂറിസം പ്രമോഷൻ കൗൺസിലോ ജില്ലാ-സംസ്ഥാന ഭരണകൂടങ്ങളോ വേണ്ടവിധം സംരക്ഷിക്കുവാൻ ഒന്നും ചെയ്തിട്ടില്ല. തങ്ങളുടെ കൈവശമുള്ള നിധികുംഭത്തിന്റെ മഹത്വം തിരിച്ചറിയാത്തവർ എടക്കലിനെ വിപണനം നടത്തി ധനസമ്പാദനത്തിൽ വ്യാപൃതരായിരിക്കുകയാണ്. വയനാടിന്റെ വിവിധ ഭാഗങ്ങളിൽ അനാഥമായി കിടന്നിരുന്ന ചരിത്രാവശിഷ്ടങ്ങൾ ക്ലേശം സഹിച്ച് ശേഖരിച്ച് രൂപം കൊടുത്ത ഹെറിറ്റേജ് മ്യൂസിയം പ്രഖ്യാപിത ലക്ഷ്യങ്ങളിൽ നിന്നും വ്യതിചലിച്ച്, ഡി.ടി.പി.സി.യുടെ മറ്റൊരു കറവപ്പശുവായി മാറിയിരിക്കയാണ്.

കഴിഞ്ഞകാലത്തെക്കുറിച്ചുള്ള ഓർമ്മകൾ വർത്തമാനത്തേയും ഭാവിയേയും രൂപപ്പെടുത്താൻ സഹായിക്കുമെന്നുള്ളതുകൊണ്ടാണ് വയനാട് പ്രകൃതിസംരക്ഷണസമിതി എടക്കൽ ഗുഹാസംരക്ഷണത്തെക്കുറിച്ചും പൈതൃക സംരക്ഷണത്തെക്കുറിച്ചും വീണ്ടും ചിന്തിക്കുന്നത്. പ്രമുഖ ചരിത്രകാരന്മാരും സാംസ്കാരിക പ്രവർത്തകരും പങ്കെടുത്ത സെമിനാറും പ്രക്ഷോഭങ്ങളിൽ പങ്കെടുത്ത സുഹൃത്തുക്കളുടെ ഒത്തുചേരലും എടക്കൽ ഡോക്യുമെന്ററിയുടെ പ്രദർശനവും 2017 ജനുവരി 7,8 തിയ്യതികളിൽ നടക്കുകയാണ്. താങ്കളുടെ സഹകരണവും സാന്നിദ്ധ്യവും പ്രതീക്ഷിക്കുന്നു.

സ്വാഗതസംഘത്തിനുവേണ്ടി

എം. ഗംഗാധരൻ
(ചെയർമാൻ)

തോമസ് അമ്പലവയൽ
(കൺവീനർ)

## കാര്യപരിപാടി

2017 ജനുവരി 7 ശനിയാഴ്ച
ഉച്ചകഴിഞ്ഞ് 2.30 - ന്

# എടക്കൽ പ്രക്ഷോഭത്തിൽ പങ്കെടുത്തവരുടെ ഒത്തുചേരലും അനുസ്മരണവും

| | | |
|---|---|---|
| സ്വാഗതം | : | ബാബു മൈലമ്പാടി |
| അദ്ധ്യക്ഷൻ | : | പ്രൊഫ. ടി. മോഹൻബാബു |
| ഉദ്ഘാടനം | : | എം.പി. വീരേന്ദ്രകുമാർ എം.പി. |
| ആശംസകൾ | : | പി.സി. മോഹനൻമാസ്റ്റർ |
| | : | ഡോ. പി. ലക്ഷ്മണൻ |
| | | കെ യു. ബാലകൃഷ്ണൻ |
| | | സി.വി. ജോയി |
| | | വി.ജി. വിജയൻ |
| | | കെ.ജെ. ദേവസ്യ |
| | | വ്യാസൻ ആനപ്പാറ |
| | | കോണിക്കൽ ഖാദർ |
| | | ഡോ. അമ്പി ചിറയിൽ |
| ഓർമ്മ | : | എൻ. ബാദുഷ |
| അനുസ്മരണം | : | തോമസ് അമ്പലവയൽ |
| നന്ദി | : | പി.യു. ജോയി |

കെ.പി. അബ്ദുൾവഹാബ്,
പി.ടി. ജോൺ, അന്നമ്മച്ചേടത്തി,
ജോസ് തോമസ്സ്,
വേലായുധൻ കോട്ടത്തറ,
എം.എൻ. അനന്തൻ,
ടി.എ.രാജഗോപാൽ,
സി. എ. ഗോപാലകൃഷ്ണൻ,
ടി.ടി. ജേക്കബ്, കെ.ജി. തങ്കപ്പൻ,
വി.എം. രാജൻ, വി. ശശിധരൻ,
ഗോവിന്ദൻ സുചിത്ര,
എ.പി. ശ്രീകുമാർ,
സത്യൻ മാസ്റ്റർ കൽപ്പറ്റ,
പി.എം. തോമസ്സ്, എം.പി. മോഹനൻ
തുടങ്ങിയവർ പങ്കെടുക്കുന്നു.

എ.ജെ. തോമസ്,
എ.സി. അച്ച്യുതൻനായർ,
എം.വി. ദേവൻ, കെ.ജയചന്ദ്രൻ,
പി. വാസുപണിക്കർ,
നവാബ് രാജേന്ദ്രൻ
കെ.ജി. മാരാർ, വി.കെ. കേശവദാസ്,
ടി.പി. ബാലകൃഷ്ണപിള്ള,
വി.എം. ഹരിദാസ്, ടി.സി. ജോൺ,
പി.പി. വർഗ്ഗീസ്, പി.കെ. കൃഷ്ണൻ,
[illegible], പി. വേലുണ്ണി,
ഇ.എം. ഗംഗാധരൻ,
പി.സി. ബാലകൃഷ്ണൻ മാസ്റ്റർ,
എ.എം. കുര്യൻ, തങ്കപ്പൻ,
കടവൻ അബൂബക്കർ
തുടങ്ങിയവരെ അനുസ്മരിക്കുന്നു.

2017 ജനുവരി 8 ഞായറാഴ്ച 10 AM
[illegible]

# എടക്കൽ പൈതൃകം - സംരക്ഷണ ചരിത്രം സെമിനാർ

| | | |
|---|---|---|
| സ്വാഗതം | : | എം. ഗംഗാധരൻ |
| ആമുഖം | : | എൻ. ബാദുഷ |
| മോഡറേറ്റർ | : | കെ.കെ. മുഹമ്മദ് (മുൻ ഡയറക്ടർ, ആർക്കിയോളജി വകുപ്പ്, ഗവ. ഓഫ്. ഇൻഡ്യ) |
| ഉദ്ഘാടനം | : | പ്രൊഫ. എം.ജി.എസ്. നാരായണൻ |
| ആശംസ | : | ടി. രവീന്ദ്രൻതമ്പി, മുൻ ജില്ലാ കലക്ടർ |

| | | |
|---|---|---|
| വിഷയാവതരണം | : | 1. ഡോ. എം.ആർ. രാഘവവാരിയർ<br>*എടക്കൽ പൈതൃകം*<br>2. ഡോ. രാജൻ ഗുരുക്കൾ<br>*എടക്കൽ ഗുഹാചിത്രങ്ങളും വ്യാഖ്യാനങ്ങളും*<br>3. ശ്രീജിത്ത്<br>*വയനാട്ടിലെ ജൈനസംസ്കൃതി* |
| നന്ദി | : | ജസ്റ്റിൻ പ്രകാശ് |

---

2017 ജനുവരി 8 ഞായറാഴ്ച
ഉച്ചകഴിഞ്ഞ് 2.30 - ന്

---

## വയനാടിന്റെ പൈതൃകസംരക്ഷണ ചിന്ത

| | | |
|---|---|---|
| മോഡറേറ്റർ | : | ഡോ. എം.ആർ. രാഘവവാരിയർ |
| വിഷയാവതരണം | : | ശ്രീ. തോമസ് അമ്പലവയൽ |

ചർച്ച-ഭാവി കർമ്മപരിപാടി

| | | |
|---|---|---|
| നന്ദി | : | വി. ഹരികുമാർ |

4.30: ഡോക്യുമെന്ററി പ്രദർശനം 'എടക്കൽ ദ റോക്ക് മാജിക്ക്'

| | | |
|---|---|---|
| മുഖാമുഖം | : | പി.ടി. സന്തോഷ് കുമാർ (സംവിധായകൻ), ഡോ. എം.വിജയലക്ഷ്മി (നിർമ്മാതാവ്) |
| നന്ദി | : | പൗലോസ് നെടിലാമറ്റം |

വയനാട്ടിൽ എടക്കൽ ഗുഹയിലെ പാറച്ചുവരുകളിൽ കാണുന്ന ചിത്രങ്ങൾ കേരളത്തിലെയെന്നല്ല, ലോകത്തെങ്ങുമുള്ള ശിലാചിത്രങ്ങളേക്കാളെല്ലാം സമ്പന്നമാണ്. ഈ ചിത്രങ്ങൾ കഴിഞ്ഞ നൂറ്റാണ്ടിലെ ആദ്യ വർഷങ്ങളിൽ മലബാറിലെ ഒരു ബ്രിട്ടീഷ് ഉദ്യോഗസ്ഥനായിരുന്ന ഫാസറ്റ് കണ്ടെത്തി റിപ്പോർട്ട് ചെയ്തതുമുതൽ പതിനായിരങ്ങളെ ആകർഷിച്ചുകൊണ്ട് നിലകൊള്ളുന്നു. എടക്കൽ ചിത്രങ്ങളിൽ ആൾരൂപങ്ങളും, മൃഗങ്ങളും, വണ്ടികളും, ചക്രങ്ങളുമുണ്ട്. പലതരം ജ്യാമിതീയ രൂപങ്ങളും അവയിൽ കാണാം. പാറയുടെ പ്രതലങ്ങളിൽ കല്ലുളി പോലുള്ള ഏതോ ഉപകരണംകൊണ്ട് കുഴിച്ചാണ് ചിത്രങ്ങൾ തീർത്തിട്ടുള്ളത്. വട്ടം, ചതുരം, ത്രികോണം, ചിഹ്നങ്ങൾ എന്നിവയുടെ സാന്നിദ്ധ്യവും ഇവയിലുണ്ട്. ചിത്രങ്ങളിൽ ചിലത് പ്രാചീന മന്ത്രവാദത്തിലെ മണ്ഡലങ്ങളെ ഓർമ്മിപ്പിക്കും. വേറെ ചിലതിന് ഉപഭൂഖണ്ഡത്തിലെ മറ്റു പ്രാക്ചരിത്ര സ്ഥാനങ്ങളിലുള്ള ചിഹ്നങ്ങളോട് സാദൃശ്യമുണ്ട്. ആയിരത്താണ്ടുകൾക്കപ്പുറം മണ്മറഞ്ഞ കാലത്തിന്റെ ഓർമ്മകൾ വാരി അരിയേറു നടത്തുന്ന വിലമതിക്കാനാവാത്ത ഈ ലോകപൈതൃകം സന്ദർശകരുടെ അവിവേകവും അധികൃതരുടെ അനാസ്ഥയും കാരണം ഇന്നു ഭീഷണിയിലാണ്. കഴിഞ്ഞകാലത്ത് വയനാട് പ്രകൃതി സംരക്ഷണസമിതിയുടെ നേതൃത്ത്വത്തിൽ ഒരു സംഘം ചെറുപ്പക്കാരുടെ ശ്രദ്ധാപൂർവ്വമായ ഇടപെടൽമൂലമാണ് കിടയറ്റ ഈ പൈതൃകസ്ഥാനം ഇന്നവിടെ നിലനിൽക്കുന്നത്. അതുപോലുള്ള സംരക്ഷണയത്നം എടക്കൽ ചിത്രങ്ങൾക്ക് ഇപ്പോൾ അത്യാവശ്യമായി വന്നിരിക്കുന്നു.

— ഡോ. എം.ആർ. രാഘവവാരിയർ

*Modern Offset, Bathery. Ph.: 222681*

## വയനാട് പ്രകൃതിസംരക്ഷണ സമിതി

# കാട്ടുതീ തടയാനുള്ള ഉത്തരവാദിത്തം ജില്ലാഭരണകൂടത്തേയും ദുരന്തനിവാരണ അഥോറിറ്റിയെയും ഏൽപ്പിക്കണം

വയനാടിന്റെ അതിരുകളിലുള്ള മുതുമലൈ, നാഗർഹോളൈ, ബന്ഡിപ്പൂർ തുടങ്ങിയ ദേശീയ ഉദ്യാനങ്ങളിൽ ആയിരക്കണക്കിന് പൂക്കൾ കാട്ടുതീ നക്കിത്തുടച്ചുകൊണ്ടിരിക്കുകയും ചേമ്പ്രമലകൾ ടൂറിസ്റ്റുകൾ തന്നെ കത്തിക്കുകയും വയനാടൻ കാടുകളിൽ അങ്ങിങ്ങായി തീ പടർന്നു തുടങ്ങുകയും ചെയ്ത ഗുരുതരമായ സാഹചര്യത്തിൽ അവശേഷിച്ച കാടുകൾ തീയിൽ നിന്നും സംരക്ഷിക്കാനുള്ള ചുമതല വനംവകുപ്പിന്റെ മാത്രം തലയിൽ കെട്ടിവയ്ക്കാതെ സംസ്ഥാനസർക്കാരും ജില്ലാഭരണകൂടവും ദുരന്തനിവാരണ അഥോറിറ്റിയും അടിയന്തിരമായി ഏറ്റെടുക്കണമെന്ന് വയനാട് പ്രകൃതിസംരക്ഷണസമിതി ആവശ്യപ്പെടുന്നു.

പശ്ചിമഘട്ടമലനിരകൾ ഉടനീളം കത്തിക്കൊണ്ടിരിക്കുകയാണ്. ആയിരക്കണക്കിന് ഏക്കർ വനം കത്തിച്ചാമ്പലായിക്കഴിഞ്ഞു. തിട്ടപ്പെടുത്തുവാനാകാത്ത ഭീമമായ പരിസ്ഥിതി നഷ്ടത്തിനുപുറമെ അനേകായിരം കോടിരൂപയുടെ സാമ്പത്തിക നഷ്ടവും വരുത്തിക്കൊണ്ടിരിക്കുന്ന കാട്ടുതീ പ്രതിരോധത്തിൽ സംസ്ഥാന സർക്കാർ കാണിക്കുന്ന നിസ്സംഗതയും പ്രതിപക്ഷം പുലർത്തുന്ന മൗനവും ദൗർഭാഗ്യകരമാണ്.

ചരിത്രത്തിൽ ഇന്നുവരെ കണ്ടിട്ടില്ലാത്ത രൂക്ഷമായ വരൾച്ചയിലും ജലക്ഷാമത്തിലും വയനാടും കേരളമാകെയും അമർന്നുകഴിഞ്ഞു. ജലസ്രോതസ്സുകൾ വറ്റുകയാണ്. നീർച്ചാലുകൾ ഒഴുക്കറ്റ് വന്ധ്യമായിക്കഴിഞ്ഞു. നാശത്തിന്റെ നെല്ലിപ്പടിയിൽ എത്തിനിൽക്കുന്നതും നന്നെ ശുഷ്ക്കവുമായ അവശേഷിച്ച കാടുകൾ കത്തിയാൽ വയനാടിന്റെ ജലസുരക്ഷ അവതാളത്തിലാകും. വന്യജീവികൾ കൃഷിയിടത്തിൽ ഇറങ്ങി മനുഷ്യ-വന്യജീവി സംഘർഷം പതിന്മടങ്ങ് വർദ്ധിപ്പിക്കും. വരണ്ടുണങ്ങിക്കിടക്കുന്ന വയനാടൻ കാടുകൾ വെടിമരുന്നുശാലയെ അനുസ്മരിപ്പിക്കും വിധം അപകടാവസ്ഥയിലാണിപ്പോൾ

കാട്ടുതീ നേരിടുന്നതിന് വനംവകുപ്പിനുള്ള ആൾശേഷിയും വിഭവശേഷിയും പരമദയനീയമാണ്. വനംവകുപ്പിലെ നിരവധി തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. കാട്ടുതീ പ്രതിരോധത്തിനു വേണ്ടത്ര പണം നൽകിയിട്ടില്ല. കർണ്ണാടകയിൽ ഒരു റെയിഞ്ചാഫോസീർക്ക് ഒരു ലക്ഷം രൂപവരെ ചിലവഴിക്കാൻ അധികാരമുള്ളപ്പോൾ കേരളത്തിൽ ഒരു ഡി.എഫ്.ഒ.യ്ക്ക് പതിനായിരം രൂപ ചിലവഴിക്കാനെ അനുവാദമുള്ളു. ഇത് അവഹേളനാപരവും പരിഹാസ്യവുമാണ്.

കാലപ്പഴക്കം ചെന്നതും പ്രാകൃതവും അശാസ്ത്രീയവുമായ കാട്ടുതീ പ്രതിരോധമുറകളാണ് വനംവകുപ്പിനുള്ളത്. ഇന്ത്യയൊഴികെയുള്ള രാജ്യങ്ങൾ ഹെലികോപ്റ്ററുകളും ആധുനിക-സാങ്കേതികവിദ്യയും ഫലപ്രദമായി ഉപയോഗിക്കുന്നുണ്ട്. ഫയർ എഞ്ചിൻ, ഫയർ ബ്ലോവറുകൾ, ഫയർബീറ്ററുകൾ, ഓക്സിജൻമാസ്കുകൾ, ഹെൽമറ്റുകൾ, ഷീൽഡുകൾ, മുഖംമൂടികൾ, തീയെപ്രതിരോധിക്കുന്ന വസ്ത്രങ്ങൾ എന്നിവയൊക്കെ കേരളവനംവകുപ്പിന് ഇന്നും കിട്ടാക്കനിയാണ്. തീയണയ്ക്കുന്നവർക്ക് തണുത്ത വെള്ളത്തിനുള്ള സംവിധാനം പോലും ഇല്ല.

വനസംരക്ഷണസേനയ്ക്ക് നീണ്ടകാലത്തെ ട്രയിനിംഗ് നൽകുന്നുണ്ടെങ്കിലും തീപ്രതിരോധത്തിനുള്ള പരിശീലനം നൽകുന്നില്ല്. കാട്ടുതീ തടയുന്നതിൽ വൈദഗ്ധ്യം ഉള്ളതോ പരിശീലനം ലഭിച്ചതോ ആയ ഒരാൾ പോലും വനസംരക്ഷണസേനയിൽ ഇല്ല.

കാടിനെ തീയിൽ നിന്നും സംരക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്തം ജില്ലാഭരണകൂടത്തിനും ത്രിതലപഞ്ചായത്തുകൾക്കും ദുരന്തനിവാരണഅഥോറിറ്റിക്കും കൂടി നൽകണം. അടിയന്തിരഗ്രാമസഭകൾ കൂടുകയും അയൽക്കൂട്ടങ്ങളേയും വനപരിസരത്തെ കർഷകരേയും ഉൾപ്പെടുത്തി സന്നദ്ധസംഘടനകളെ സജ്ജീകരിക്കുകയും വേണം. ജില്ലയിലെ വനസംരക്ഷണ സേനയെ പുനർവിന്യസിപ്പിക്കുകയും ഒഴിവുകൾ നികത്തുകയും സാമൂഹ്യവനവൽക്കരണവിഭാഗത്തെയും വിജിലൻസ് വിഭാഗത്തെയും കാട്ടുതീപ്രതിരോധത്തിനു നിയോഗിക്കുകയും വേണം. ജില്ലാകലക്ടർ അദ്ധ്യക്ഷനും ജനപ്രതിനിധികൾ അംഗങ്ങളുമായ മേൽനോട്ടസമിതിയും ഉണ്ടാകണം.

ഒരു ഫോറസ്റ്റ് റെയിഞ്ചിന് ഒന്നെന്ന തോതിൽ ചെറുഫയർഎഞ്ചിനുകൾ എത്തിക്കുക, അവ ലഭ്യമാകുന്നതുവരെ ജില്ലയിലേയും അയൽജില്ലകളിലെയും ഫയർഫോഴ്സിനെ കാടിന്നകത്തും പരിസരങ്ങളിലും വിന്യസിപ്പിക്കുക, ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിൽ സന്നദ്ധസംഘടനകൾ രൂപീകരിക്കുക, ദിവസക്കൂലിക്കാരായ ആദിവാസി വാച്ചറന്മാരുടെ കൂലി ഇരട്ടിയാക്കുക, കാട്ടുതീ പ്രതിരോധത്തിൽ ഏർപ്പെടുന്ന വനംജീവനക്കാർക്ക് പ്രതിദിനം ചുരുങ്ങിയത് അഞ്ഞൂറുരൂപ അലവൻസ് നൽകുക, പ്രാഥമിക ചികിത്സാസൗകര്യങ്ങളും തണുത്ത വെള്ളവും ഗ്ലൂക്കോസും ലഭ്യമാക്കുക എന്നീ ആവശ്യങ്ങൾ ഞങ്ങൾ ഉന്നയിക്കുന്നു.

കടുവസംരക്ഷണത്തിനെന്ന പേരിൽ പ്രതിവർഷം അഞ്ഞൂറുകൊടിരൂപ തുലക്കുന്ന ടൈഗർ കൺസർവേഷൻ അഥോറിറ്റിയെ സമീപിച്ച് കടുവകളുടെ ലോകത്തേറ്റവും വലുതും മൂന്നുസംസ്ഥാനങ്ങളിൽ വ്യാപിച്ചുകിടക്കുന്നതുമായ വനമേഖലയിലെ കാട്ടുതീ പ്രതിരോധത്തിനായി ഹെലികോപ്ടറും ആധുനിക ഉപകരണങ്ങളും ലഭ്യമാക്കാൻ സംസ്ഥാനസർക്കാർ തയ്യാറാകണമെന്നും പ്രകൃതിസംരക്ഷണസമിതി ആവശ്യപ്പെടുന്നു.

**കൽപ്പറ്റ**
**23.02.2017**

പത്രസമ്മേളനത്തിൽ പങ്കെടുക്കുന്നവർ : എൻ. ബാദുഷ (പ്രസിഡണ്ട്), എം. ഗംഗാധരൻ (വൈസ് പ്രസിഡണ്ട്), ബാബു മൈലമ്പാടി (ട്രഷറർ), തോമസ് അമ്പലവയൽ (സെക്രട്ടറി), മരക്കടവ് സണ്ണി (ജോ. സെക്രട്ടറി)

# <u>എടക്കൽ ഗുഹ ആർക്കിയോളജിക്കൽ സർവ്വെ ഓഫ് ഇന്ത്യ</u>

## <u>ഏറ്റെടുക്കണം</u>

**കൽപ്പറ്റ**

മുപ്പതുവർഷം മുൻപ് വയനാട് പ്രകൃതിസംരക്ഷണ സമിതി ചരിത്ര പണ്ഡിതന്മാരുടെയും സാംസ്ക്കാരിക പ്രവർത്തകരുടെയും പിൻതുണയോടെ നടത്തിയ സമരപ്രക്ഷോഭങ്ങൾ സർവ്വനാശത്തിൽ നിന്നും എടക്കൽ ഗുഹയെയും, ഗുഹസ്ഥിതി ചെയ്യുന്ന അമ്പുകുത്തി മലനിരകളേയും തത്ക്കാലത്തേക്ക് രക്ഷപ്പെടുത്തിയെങ്കിലും ഇപ്പോഴും അമൂല്യമായ ഈ ചരിത്ര പൈതൃകം നാശത്തിന്റെ പാതയിൽ തന്നെയാണ്. മാനവരാശിയുടെ മുഴുവൻ സ്വത്തും വയനാടിന്റെ അഭിമാനവുമായ എടക്കൽഗുഹയെ ആർക്കിയോളജിക്കൽ സർവ്വെ ഓഫ് ഇന്ത്യ ഏറ്റെടുത്ത് ലോകപൈതൃകപ്പട്ടികയിൽ ഉൾപ്പെടുത്തി സംരക്ഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുളള രണ്ടാം പൈതൃക സംരക്ഷണ പ്രക്ഷോഭങ്ങൾക്കും പ്രവർത്തനപദ്ധതികൾക്കും ജനുവരിമാസം 7,8 തീയ്യതികളിൽ അമ്പലവയൽ ഹോട്ടൽ മൗണ്ട് അവന്യുവിൽ നടക്കുന്ന ചരിത്രസെമിനാറും പൈതൃകസംരക്ഷണ കൂടിച്ചേരലും രൂപം നൽകും. വയനാട്ടിലുട നീളം ചിതറിക്കിടക്കുന്ന മറ്റു ചരിത്ര സ്മാരകങ്ങളുടെ സംരക്ഷണത്തെകുറിച്ചും ചർച്ച ചെയ്യും.

സാമൂഹ്യവിരുദ്ധരും സഞ്ചാരികളും മദ്യപസംഘങ്ങളും പാറചിത്രങ്ങൾ നശിപ്പിച്ചുകൊണ്ടിരിക്കുകയും ക്വാറി മാഫിയ ഗുഹയെ ആകെ പൊട്ടിച്ച് തകർക്കാൻ ശ്രമിക്കുകയും ചെയ്തുകൊണ്ടിരിന്നപ്പോഴാണ് എടക്കൽഗുഹയെ സംരക്ഷിക്കുന്നതിനും വീണ്ടെടുക്കുന്നതിനും വയനാട് പ്രകൃതി സംരക്ഷണ സമിതി പ്രക്ഷോഭങ്ങൾ സംഘടിപ്പിച്ചത്. സമിതിപ്രവർത്തകർ ബഹുജനങ്ങളിൽ നിന്നും പണം പിരിച്ച് ഇരുമ്പ് ഗേറ്റിട്ട് ഗുഹപൂട്ടി താല്ക്കാലിക സംരക്ഷണം ഏർപ്പെടുത്തുകയും താക്കോൽ ജില്ലാ ഭരണകൂടത്തിനെ ഏൽപ്പിക്കുകയും ചെയ്തു.എന്നാൽ അവർ ഗുഹയെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിനെ ഏൽപ്പിക്കുകയാണ് ഉണ്ടായത്. തങ്ങളുടെ കൈവശത്തിലിരിക്കുന്ന നിധികുംഭത്തിന്റെ മൂല്യവും മഹത്വവും തിരിച്ചറിയാൻ കെൽപ്പില്ലാത്ത ഡി.ടി.പി.സി എടക്കൽ ഗുഹയെ പണം സമ്പാദിക്കുന്ന കറവപശുവായി മാത്രം കണക്കാക്കുകയാണിപ്പോൾ. ഗുഹയെ അതിന്റെ പ്രാധാന്യമനുസരിച്ച് വയനാടിന്റെ അഭിമാനമായി ഉയർത്തി കൊണ്ടുവരുവാൻ അവർക്ക് താത്പര്യമില്ല.

ചരിത്രപണ്ഡിതനായ ഡോ. എം ആർ രാഘവവാര്യരുടെ നേതൃത്വത്തിൽ പരിസ്ഥിതി പ്രവർത്തകർ ഏറെ വിയർപ്പൊഴുക്കി വയനാടിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ശേഖരിച്ചതും ഖനനം ചെയ്തെടുത്തതുമായ പുരാവസ്തുക്കൾ കൊണ്ട് മഹത്തായ ലക്ഷ്യത്തോടെ തുടക്കം കുറിച്ച വയനാട് ഹെറിട്ടേജ് മ്യൂസിയവും

തുടങ്ങിയേടത്തുനിന്നും ഒരിഞ്ചു മുന്നോട്ടുപോകാതെ ഡി.ടി.പി.സി യുടെ മറ്റൊരു പണസമ്പാദന കേന്ദ്രം മാത്രമാക്കി മാറ്റിയിരിക്കുന്നു. ചരിത്രത്തിന്റെ തുടർച്ചയിലെ ശേഷിപ്പുകളായ നന്നങ്ങാടികൾ, മുനിയറകൾ, ജൈന ബസ്തികൾ, വിജയനഗര സാമ്രാജ്യ കാലത്തെ ശില്പങ്ങൾ എന്നിവയൊക്കെ വയനാട്ടിലാകെ അനാഥമായി ചിതറിക്കിടക്കുന്നു.

1986 സെപ്തംബർ മാസം 28 ന് കൽപ്പറ്റയിൽ വയനാട് പ്രകൃതിസംരക്ഷണസമിതി സംഘടിപ്പിച്ചതും പ്രമുഖചരിത്ര പണ്ഡിതന്മാരും സാംസ്ക്കാരിക-പരിസ്ഥിതി പ്രവർത്തകരും പങ്കെടുത്തതുമായ യോഗമാണ് എടക്കൽ പ്രക്ഷോഭങ്ങൾക്ക് തുടക്കം കുറിച്ചത്. ശ്രീ കെ ജി മാരാർ നേതൃത്വം നൽകിയിരുന്ന ബിജെപിയും, ശ്രീ വി കെ കേശവദാസ് നേതൃത്വത്തിൽ ഉണ്ടായിരുന്ന യുവമോർച്ചയും, എം പി വീരേന്ദ്രകുമാർ, കെ ജെ ദേവസ്യ, പി എം തോമസ് തുടങ്ങിയ അപൂർവ്വം രാഷ്ട്രീയ നേതാക്കളുമൊഴിച്ച് മറ്റു മുഴുവൻ രാഷ്ട്രീയ പാർട്ടികളും ജനപ്രതിനിധികളും ക്വാറിമാഫിയക്കൊപ്പമായിരുന്നു. പ്രക്ഷോഭത്തെ തുടർന്ന് എടക്കൽ പരിസരത്തെ ക്വാറികൾ നിരോധിച്ച ജില്ലാ കലക്ടർ ടി. രവീന്ദ്രൻ തമ്പിയെ മുഖ്യമന്ത്രി കരുണാകരൻ പരസ്യമായി ശാസിക്കുകയും സ്ഥലം മാറ്റുകയും ക്വാറി നിരോധനം പിൻവലിക്കുകയും പ്രതിഷേധക്കാരെ അറസ്റ്റു ചെയ്യുകയും ചെയ്തു. ഡോ. എം ജി എസ്സ് നാരായണൻ, പ്രൊഫ: ഇർഫാൻ ഹബീബ്, ഡോ: രാജൻ ഗുരുക്കൾ, ഡോ. രാഘവ വാര്യർ തുടങ്ങിയ ചരിത്രകാരന്മാരുടെ ശ്രമഫലമായി ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന രാജീവ് ഗാന്ധിയുടെ ഇടപെടലാണ് എടക്കൽ പരിസരത്തെ ക്വാറികൾ നിരോധിക്കാനും ഗുഹയെ രക്ഷപ്പെടുത്താനും ഇടയാക്കിയത്. കേരള ഹൈക്കോടതിയും ഇടപെടുകയുണ്ടായി.

എടക്കൽ പൈതൃകസംരക്ഷണ പ്രക്ഷോഭത്തിന്റെ മുപ്പതാം വാർഷികത്തോടനുബന്ധിച്ച് സമരപങ്കാളികളുടെ കൂടിച്ചേരൽ എം പി വീരേന്ദ്രകുമാർ എം പി ഉദ്ഘാടനം ചെയ്യും. സെമിനാറിലും പൈതൃക ചിന്തയിലും ഡോ. എം ജി. എസ് നാരായണൻ, ഡോ. രാജൻഗുരുക്കൾ, ഡോ. എം ആർ രാഘവ വാര്യർ, കെ കെ മുഹമ്മദ്, പ്രാഫ. ടി. മോഹൻ ബാബു, പ്രൊഫസർ ശ്രീജിത്ത്, ഡോ. ലക്ഷമണൻ തുടങ്ങിയവർ പങ്കെടുക്കും. 'എടക്കൽ ദ റോക്ക് മാജിക്ക്' എന്ന ഡോക്യുമെന്ററിയുടെ പ്രദർശനവും ഡോ. വിജയ ലക്ഷമി, സംവിധാനയകൻ പി ടി സന്തോഷ്കുമാർ എന്നിവരുമായുള്ള അഭിമുഖവും നടക്കും.

എം ഗംഗാധരൻ(ചെയർമാൻ, സ്വാഗതസംഘം) തോമസ് അമ്പലവയല(കൺവീനർ) വി ഹരികുമാർ(സ്വീകരണ കമ്മറ്റി)എൻ ബാദുഷ(പ്രസിഡണ്ട്, വയനാട് പ്രകൃതി സംരക്ഷ സമിതി)

കൽപ്പറ്റ
05-01-2017